കളെ ഒരു മാസം കഴിഞ്ഞു മാത്രമേ അടുത്ത ടെസ്റ്റിനു ഹാജരാകാൻ പാടുള്ളൂ എന്നതിനെ രണ്ടു ആഴ്ചയായി കുറവു ചെയ്ത് ഉത്തരവ് നൽകിയിട്ടുണ്ട്. ഡ്രൈവിംഗ് ടെസ്റ്റിൽ ഏതെങ്കിലും ഒരു പാർട്ട് തോറ്റാൽ രണ്ടു പാർട്ടുകൾക്കും വീണ്ടും ടെസ്റ്റ് നടത്തണമെന്നതു മാറ്റി തോറ്റ പാർട്ടിനു മാത്രം ടെസ്റ്റ് നടത്തിയാൽ മതിയെന്ന് ഉത്തരവ് കൊടുത്തു.

(സി) ടെസ്റ്റിനു ഹാജരാകുന്ന അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് ഒരു ദിവസം ഹാജരാകുന്ന അപേക്ഷകരുടെ എണ്ണം 40 ആയി നിജപ്പെടുത്തി. ഈ 40 പേരെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കേണ്ടതിലേയ്ക്കും അപേക്ഷകർ ഓഫീസിൽ കയറിയിറങ്ങുന്നത് ഒഴിവാക്കുവാനും വേണ്ടിയാണ് അപേക്ഷകൾ തപാലിൽ സ്വീകരിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തിയത്. 1.8.99-ൽ എല്ലാ സബ് ആർ.ടി. ഓഫീസുകളിലും ഡ്രൈവിംഗ് ടെസ്റ്റ് നടത്തുവാനും അവിടെ നിന്നുതന്നെ ലൈസൻസ് കൊടുക്കുവാനും നിർദ്ദേശം നൽകിക്കഴിഞ്ഞു.

87 (2647) കോഴിക്കോട്-മംഗലാപുരം റെയിൽപ്പാത

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-മംഗലാപുരം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കൽ എപ്പോഴത്തേക്ക് പൂർത്തിയാക്കുമെന്നറിയിക്കുമോ;

(ബി) ഇതിന്റെ പണി നിർദ്ദിഷ്ട തീയതിക്കകം തന്നെ പൂർത്തിയാക്കി റെയിൽവേ ഗതാഗതം സൗകര്യപ്രദമാക്കാൻ വേണ്ട സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) 2000-മാണ്ട് ഫെബ്രുവരി മാസം അവസാനത്തോടുകൂടി കോഴിക്കോട് മംഗലാപുരം ലൈനിന്റെ ഇരട്ടിപ്പിക്കൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായി റെയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ഇതിനോടകം തന്നെ നിരവധി തവണ കേന്ദ്ര സർക്കാരിൽ സമ്മദ്ദം ചെലുത്തിയിട്ടുണ്ട്.

88 (2648) റെയിൽവേ യാത്രാ ദുരിതത്തിന് പരിഹാരം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ യാത്രാദുരിതം റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോ;

(ബി) യാത്രക്കാരുടെ യാത്രാദുരിതങ്ങൾ റെയിൽവേ അധികൃതരും പാസഞ്ചേഴ്സ് അസോസിയേഷനുമായി ചർച്ചചെയ്യാൻ സർക്കാർ മുൻകൈയെടുക്കുമോ;

(സി) നിലവിലുള്ള റെയിൽവേ യാത്രാദുരിതത്തിന് പരിഹാരം കാണാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly